"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ ബ്ലോക്ക് 103-ൽ റീസർവ്വേ നമ്പർ 5-ൽ ഉൾപ്പെട്ട (വെള്ളയമ്പലത്ത് വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള) 25 സെൻറ് ഭൂമി K.M. Mani Memorial Institute for Social Transformation സ്ഥാപിക്കുന്നതിന് സൗജന്യ നിരക്കിൽ (പ്രതിവർഷം ആർ.ഒന്നിന് 100/-രൂപ) 30 വർഷത്തേക്ക് പാട്ടത്തിന് കെ.എം.മാണി ഫൗണ്ടേഷന് അനുവദിച്ച് കൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.27/2026/RD തീയതി,തിരുവനന്തപുരം, 19-01-2026

---

പരാമർശം:-

1. 04.03.2025 ലെ കെ.എം.മാണി ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റിയുടെ അപേക്ഷ
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 19.06.2025-ലെ DCTVM/5139/2025/B8 നമ്പർ കത്ത്
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 23.06.2025 ലെ LR/13366/2022-LR(J6) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

K.M. Mani Memorial Institute for Social Transformation സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം വെള്ളയമ്പലത്ത് വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള ഭൂമി അനുവദിക്കണമെന്നാവശ്യപ്പെട്ട് കെ.എം.മാണി ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി ആവശ്യത്തിലേക്കായി അപേക്ഷകർ കണ്ടെത്തിയിട്ടുള്ള 10.11 ആർ ഭൂമി തിരുവനന്തപുരം ജില്ലയിലെ ടി താലൂക്കിൽ കവടിയാർ വില്ലേജിൽ ബ്ലോക്ക് 103 ൽ റീസർവ്വെ നം.5-ൽപെട്ടതും, ബിടിആർ പ്രകാരം സർക്കാർ പുറമ്പോക്ക് എന്നു രേഖപ്പെടുത്തിയിട്ടുള്ളതുമായ 20.69 ആർ ഭൂമിയിൽ ഉൾപ്പെട്ടതുമാണ്. ടി 20.69 ആർ ഭൂമി പൂർണ്ണമായും കേരള വാട്ടർ അതോറിറ്റിയുടെ കൈവശത്തിലുള്ളതും, ടി ഭൂമിയിൽ നിന്നും മറ്റാവശ്യങ്ങൾക്കായി ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് വാട്ടർ അതോറിറ്റി ആക്ഷേപം ഉന്നയിച്ചിട്ടുള്ളതും നഗരപ്രദേശങ്ങളിലേക്കുള്ള കുടിവെള്ള വിതരണത്തിനായുള്ള സാങ്കേതികപരമായ കാര്യങ്ങൾക്ക് ടി ഭൂമി അത്യന്താപേക്ഷിതമാണെന്നും, ആയതിനാൽ ടി ഭൂമി മറ്റാവശ്യങ്ങൾക്കായി നൽകുന്നത് പ്രായോഗികമല്ലെന്ന് വാട്ടർ അതോറിറ്റിയുടെ എഞ്ചിനീയറിംഗ് വിഭാഗം അറിയിച്ചിട്ടുള്ളതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. വിവിധ വകുപ്പുകളുടെ മന്ദിര നിർമ്മാണത്തിനായും സർക്കാരിന്റെ വിവിധ ആവശ്യങ്ങൾക്കായും തിരുവനന്തപുരം നഗര പ്രദേശത്ത് ഭൂമി ദൗർലഭ്യം നേരിടുന്ന സാഹചര്യത്തിൽ ടി ഭൂമി മറ്റാവശ്യങ്ങൾക്കായി പരിഗണിക്കുന്നത് ഉചിതമല്ലെന്നും ജില്ലാ കളക്ടറും ലാൻറ് റവന്യൂ കമ്മീഷണറും പരാമർശം (2 &3) പ്രകാരം അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം

താലൂക്കിൽ കവടിയാർ വില്ലേജിൽ ബ്ലോക്ക് 103-ൽ റീസർവ്വേ നമ്പർ 5-ൽ ഉൾപ്പെട്ട (വെള്ളയമ്പലത്ത് വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള) 25 സെൻറ് ഭൂമി K.M. Mani Memorial Institute for Social Transformation സ്ഥാപിക്കുന്നത് സൗജന്യ നിരക്കിൽ (പ്രതിവർഷം ആർ.ഒന്നിന് 100/-രൂപ) 30 വർഷത്തേക്ക് പാട്ടത്തിന് കെ.എം.മാണി ഫൗണ്ടേഷന് ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പാട്ടത്തിന് അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. തിരുവനന്തപുരം ജില്ലാ കളക്ടർ ഇതു സംബന്ധിച്ച് നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിബന്ധനകൾ:

(i) ഭൂമി അനുവദിച്ച ആവശ്യത്തിനു മാത്രമേ ഉപയോഗിക്കാവൂ;

(ii) ഭൂമി ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;

(iii) ഭൂമി ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാൻ പാടില്ല;

(iv) ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

(v) ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്.

(vi) ഭൂമിയിലെ മരങ്ങൾ മുറിക്കാൻ പാടില്ല. അഥവാ മുറിക്കേണ്ടിവന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി വൃക്ഷതൈകൾ നട്ടുവളർത്തി പരിപാലിക്കേണ്ടതാണ്.

(vii) പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്ന് മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ്. പാട്ട ഭൂമിയിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.

(viii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങൾ സഹിതം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യു കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
മാനേജിംഗ് ട്രസ്റ്റി , കെ.എം.മാണി ഫൗണ്ടേഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം 3546 തീയതി 14.01.2026)
ധനകാര്യവകുപ്പ്,
പബ്ളിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 20-01-2026 11:35:20

പകർപ്പ്: ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസിന്

റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
റവന്യൂ അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്